**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4498** | **29-10-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ജീവനോപാധി ആക്കുന്നതിനായുള്ള പ്രത്യേകപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.പി. സുമോദ്,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരെ സംഘടിപ്പിച്ച് കൃഷി ജീവനോപാധി ആക്കുന്നതിനായി പ്രത്യേകപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ “ഹരിതരശ്മി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കൈവശമുള്ള കൃഷി ചെയ്യപ്പെ ടാതെ കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുക, ശാസ്ത്രീയവും അനുയോജ്യമായതുമായ കൃഷികൾ പ്രോത്സാഹിപ്പിക്കുക, ഗുണഭോക്താക്കളുടെ പങ്കാളി ത്തത്തോടെയും, അവരുടെ നേതൃത്വത്തിലൂടെയും പദ്ധതി നടപ്പിലാക്കുക, ജില്ലകളിലെ പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഊരുകൂട്ടങ്ങളിലൂടെ ഗുണഭോക്താക്കളെ തെര ഞ്ഞെടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (ബി) | പദ്ധതികളുടെ ഭാഗമായി വിത്തുകൾ, തൈകൾ, വളം എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നുണ്ടോ; മറ്റെന്തെല്ലാം സംവിധാനങ്ങളാണ് കൃഷിക്കാർക്ക് ലഭ്യമാക്കുന്നത്; | (ബി) | ഉണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളുടെ കാർഷികാവശ്യത്തിനാവശ്യ മായ 2500 കുടുംബങ്ങൾക്ക് വിവിധയിനം പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്ത് കാലാവസ്ഥ, മണ്ണിന്റെ ഘടന, കർഷകരുടെ അഭിരുചി, വിപണന സാധ്യത എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് അനുയോജ്യമായ വിത്തുകളും മറ്റനുബന്ധ ഘടക ങ്ങളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതി നുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. ഇതിന്റെ ഭാഗമായുള്ള മണ്ണു പരിശോധന രണ്ടു ജില്ലകളിലും പുരോഗമി ക്കുകയാണ്. അപേക്ഷകരായ കർഷകരെ പ്രാദേശികാടി സ്ഥാനത്തിൽ പങ്കെടുപ്പിച്ച് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുവരുകയാണ്. ഇതുവരെ വയനാട് ജില്ലയിൽ 87 ഗ്രൂപ്പുകളും, ഇടുക്കിയിൽ 33 ഗ്രൂപ്പുകളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട കർഷക ഗ്രൂപ്പുകളും, കർഷകരും ചൂണ്ടിക്കാണിക്കുന്ന |

| | | | |
|---|---|---|---|
| | | | പരിമിതി കളും ആവശ്യങ്ങളും ബന്ധപ്പെട്ടവരെ അറിയിച്ച് പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി പദ്ധതിയിലൂടെ രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷി രീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി വരുന്നു. |
| (സി) | പദ്ധതിയുടെ ഭാഗമായ വിളവെടുപ്പിനും വിപണനത്തിനുമായി പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. ഉൽപ്പന്നങ്ങളുടെ/വിളകളുടെ വിപണന മൂല്യവും, വിപണിയും ലക്ഷ്യമാക്കുന്നതിനായി പൊതുപേര് രൂപീകരിക്കുകയും, ചെറുതും വലുതുമായ സർക്കാർ - സ്വകാര്യ വിപണന ശൃംഖലകളുമായി ധാരണയുണ്ടാക്കി വിപണനം ചെയ്യാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ